## ഇനിയുമെത്രനാൾ കാത്തിരിക്കണം

**ആഗോള** സാമ്പത്തിക മാന്ദ്യകാലത്ത് ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ഇസ്‌ലാമിക് ബാങ്കിംഗ്. ഗൾഫ് നാടുകളെപ്പോലെതന്നെ പാശ്ചാത്യ നാടുകളിലും ഏറെ സ്വാധീനം നേടിക്കഴിഞ്ഞിരിക്കുന്നു ഇത്. അറബ് നാടുകളിലെ സാമ്പത്തിക ഭീമന്മാരെ ലക്ഷ്യം വെച്ച് യൂറോപ്യൻ കമ്പനികൾ ഗൾഫിൽ നേരിട്ട് പലിശരഹിത ബാങ്കിംഗ് സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള ചുവടുകൾ വെച്ചുതുടങ്ങിയിട്ടുണ്ട്.

ഇന്ത്യയിലും ഇതുസംബന്ധിച്ച ചർച്ചകളും സിമ്പോസിയങ്ങളും സജീവമാണ്. ഇതിന് ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളാണ് ചുക്കാൻ പിടിക്കുന്നത്. ദൗർഭാഗ്യവശാൽ ഭരണകൂടത്തിന്റെയും റിസർവ് ബാങ്കിന്റെയും നിലപാട് കാരണം ഇന്ത്യയിൽ ഇത് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് ഒരു രൂപവും ലഭിക്കുന്നില്ല.

അതേസമയം പലിശരഹിത ബാങ്കിംഗിൽ പ്രതീക്ഷയർപ്പിച്ച് കഴിയുന്ന വലിയ ഒരു സമൂഹം ഇന്ത്യയിലുണ്ട്. കച്ചവടസ്ഥാപനങ്ങൾക്കും ഭവനനിർമാണത്തിനുമൊക്കെയായി പലിശരഹിത സാമ്പത്തിക സംവിധാനത്തെ ആശ്രയിക്കാൻ വെമ്പൽകൊള്ളുകയാണിവർ. കാരണം, നിലവിലെ പലിശാധിഷ്ഠിത സംവിധാനത്തിൽ മനംമടുത്തിരിക്കുന്നു.

ഇനിയും ഈ വിഷയം ചർച്ചയിൽ ഒതുക്കി നിർത്താതെ കഴിയാവുന്ന രീതിയിൽ പ്രവൃത്തിപഥത്തിൽ എത്തിക്കേണ്ടതുണ്ട്. എ.ഐ.സി.എൽ പോലുള്ള സംവിധാനത്തെക്കുറിച്ചറിയാഞ്ഞിട്ടല്ല. പ്രസ്ഥാനത്തിന്റെ ശക്തമായ ശിക്ഷണത്തിനു കീഴിലുള്ളതിനാൽ പലിശവാങ്ങുന്നവർ ഇല്ലെന്ന് തീർത്തു പറയാം. പക്ഷേ, കൊടുക്കേണ്ടി വരുന്നവരോ?

ഒന്നുമില്ലാത്തവർക്ക് പ്രസ്ഥാനം അത്താണിയാകുന്നുണ്ട്. പക്ഷേ, എല്ലാമുണ്ടായിരുന്നവർ അത് നഷ്ടപ്പെട്ട് വഴിയാധാരമായതിനുശേഷം അത്താണിയാകുന്നതിലും ഉത്തമം കെണികളിൽ അകപ്പെട്ട് തകരുന്നതിനു മുമ്പ് ഒരു കൈ സഹായം നൽകുന്നതല്ലേ?

**പി.എ.എം ശരീഫ് മാഞ്ഞാലി**
**നോർത്ത് പറവൂർ**

## ശിഹാബ് തങ്ങൾക്ക് വിട്ട തീരുമാനങ്ങൾ

**മുസ്‌ലിം** ലീഗും ശിഹാബ് തങ്ങളും തമ്മിലുള്ള ബന്ധം ഇനിയും നിർവചിക്കപ്പെടേണ്ടതാണെന്ന് തോന്നുന്നു. കേരളീയ മുസ്‌ലിംകളുടെ പൊതു നേതാവായി പ്രകീർത്തിക്കപ്പെടുന്ന ശിഹാബ് തങ്ങൾ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനും കേരളീയ മുസ്‌ലിംകൾക്കും നൽകിയ സംഭാവന എന്ത് എന്ന ചോദ്യം അലോസരപ്പെടുത്തുന്നതാണെങ്കിലും ചോദിക്കാതെ വയ്യ. പണ്ഡിതനും സഹൃദയനും മനുഷ്യസ്നേഹിയുമായ ശിഹാബ് തങ്ങൾക്കപ്പുറത്ത് കർമകുശലതയും നേതൃപാടവവുമുള്ള ഒരു നേതാവിനെ കാണുക പ്രയാസകരമാണ്. ഒരുപാട് നന്മകൾ ജീവിതത്തിൽ ഉൾകൊണ്ടും പ്രകാശിപ്പിച്ചുമാണ് ശിഹാബ് തങ്ങൾ യാത്രയായത്. ആ വെളിച്ചത്തിന് തീർച്ചയായും സൗരഭ്യമുണ്ടായിരുന്നു. ഒരുപാട് മനുഷ്യരുടെ നോവുകൾ പുഞ്ചിരിയിലൂടെയും തലോടലിലൂടെയും നല്ലവാക്കിലൂടെയും കടലുണ്ടി പുഴയുടെ ഓളങ്ങളിൽ ഒഴുക്കിക്കളയാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും ശിഹാബ് തങ്ങളുടെ മരണം നഷ്ടം തന്നെയാണ്.

അതിനപ്പുറം ഒട്ടും രാഷ്ട്രീയ പശ്ചാത്തലമില്ലാതെ മുസ്‌ലിംലീഗിന്റെ അമരത്ത് പ്രതിഷ്ഠിക്കപ്പെട്ട ശിഹാബ് തങ്ങൾ രാഷ്ട്രീയമായി മുസ്‌ലിംലീഗിന് എന്ത് ദിശാബോധമാണ് നൽകിയത്? മീഡിയ വാഴ്ത്തുന്നതു പോലെ ഏത് പ്രതിസന്ധി ഘട്ടത്തിലാണ് തങ്ങൾ ലീഗിന് വഴിതെളിച്ചത്! ബാബരിമസ്ജിദ് തകർന്ന സാഹചര്യത്തിൽ കേരളീയ സമൂഹത്തെ കത്തിയാളുന്ന തീയിൽനിന്ന് രക്ഷിച്ചത് തങ്ങളാണെന്ന വാദത്തിൽ എത്രത്തോളം കഴമ്പുണ്ട്? ബാബരി തകർച്ചക്ക് കാരണക്കാരായ നരസിംഹറാവു മന്ത്രിസഭക്കുള്ള പിന്തുണ മുസ്‌ലിംലീഗ് പിൻവലിക്കണമെന്ന ലീഗിനകത്തെയും പുറത്തെയും പൊതുമനസിനെതിരെ നിലകൊണ്ട മുസ്‌ലിംലീഗിലെ പ്രബലവിഭാഗത്തിനൊപ്പം നിൽക്കാനേ ശിഹാബ് തങ്ങൾക്ക് കഴിഞ്ഞിട്ടുള്ളൂ. അധികാരത്തിന്റെ സൗഭാഗ്യങ്ങൾ നഷ്ടപ്പെട്ടുപോകുന്ന ഒരു നിലപാടും തങ്ങളുടെ കാലത്ത് ലീഗ് എടുത്തതായി അറിയില്ല. ഇതിന് തങ്ങളുടെ പ്രഭാവത്തിന്റെ മറപിടിക്കുക മാത്രമാണ് ലീഗ് നേതൃത്വം ചെയ്തത്. ഇന്ത്യൻ മുസ്‌ലിംകളുടെ തന്നെ കരുത്തനായ നേതാവായിരുന്ന സേട്ടു സാഹിബിനെ ബലി നൽകിയാണ് ബാബരി ദുരന്തകാലത്ത് ലീഗ് അധികാരത്തിന്റെ ഓരം ചേർന്ന് നടന്നത്. അന്ന് ആത്യന്തികവാദങ്ങളിലേക്ക് എടുത്തുചാടുന്നതിൽനിന്ന് കേരളീയ മുസ്‌ലിംകളെ ലീഗ് കാത്തുവെങ്കിൽ, ബാബരി ദുരന്തത്തിനുശേഷം എന്തുകൊണ്ട് കേരളത്തിൽ ഫാഷിസത്തിനെതിരെ അത്യന്തിക വാദവുമായി പുതിയ പ്രസ്ഥാനം കരുത്താർജിച്ചു എന്ന് ലീഗ് നേതൃത്വം വ്യക്തമാക്കണം. എൻ.ഡി.എഫിലെ ഭൂരിഭാഗം അണികളും കടന്നുവന്നത് മുസ്‌ലിം ലീഗിൽനിന്നാണെന്നത് ലീഗ് നേതൃത്വത്തിന്റെ അവകാശവാദങ്ങളെ തകർക്കുന്നതാണ്.

മുസ്‌ലിംലീഗ് മന്ത്രിമാർക്കെതിരെ സ്ത്രീപീഡന-അഴിമതി ആരോപണങ്ങൾ ഉയർന്നു. ജനാധിപത്യത്തെ പോലും പരിഹസിക്കുന്ന രീതിയിൽ ലീഗ് അണികൾ നിയമം കൈയിലെടുത്ത് സമൂഹത്തെ വെല്ലുവിളിച്ചു. ഇത്തരം സാഹചര്യങ്ങളിൽ തങ്ങൾ പാർട്ടിക്ക് ദിശാബോധം നൽകാൻ എന്ത് നിലപാടാണ് സ്വന്തം നിലയിൽ കൈക്കൊണ്ടത്? ലീഗ് അണികൾ കൂടി പങ്കാളികളായി നാദാപുരം പോലുള്ള മേഖലകളിൽ കലാപങ്ങൾ നടന്നു. ഇവിടെയൊന്നും മതബോധത്തിന്റെ പിൻബലത്തിൽ അണികളെ നിയന്ത്രിക്കാനോ പാർട്ടിയുടെ വ്യക്തിത്വം നിലനിർത്താനോ ശിഹാബ് തങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നത് വ്യക്തമാണ്. മാറാട് കലാപകാലത്തുപോലും ശിഹാബ് തങ്ങളുടെ നേതൃപരമായ സാന്ത്വനമോ ഇടപെടലോ കേരളീയ സമൂഹം അനുഭവിച്ചിട്ടില്ല.

സത്യത്തിൽ മുസ്‌ലിംലീഗ്, ശിഹാബ് തങ്ങൾ എന്ന പരിവേഷത്തിനു പിന്നിൽനിന്നുകൊണ്ട് പാർട്ടി താൽപര്യങ്ങൾ നേടുക മാത്രമേ ചെയ്തിട്ടുള്ളൂ. എല്ലാ തീരുമാനങ്ങളും തങ്ങൾക്ക് വിട്ടു എന്ന് നടിച്ചുകൊണ്ട് ഒരു തീരുമാനവും ശിഹാബ് തങ്ങൾക്ക് വിടാതെ കേരളീയ സമൂഹത്തെ മുസ്‌ലിംലീഗ് വഞ്ചിക്കുകയാണ് സത്യത്തിൽ ചെയ്തത്. ആണവകരാർ വിഷയത്തിൽ പാർട്ടി നിലപാട് അട്ടിമറിച്ച കേന്ദ്രമന്ത്രിയെ പോലും നിയന്ത്രിക്കാനാവാത്ത നിസ്സഹായതയിലാണ് ശിഹാബ് തങ്ങളെ ലീഗ് നേതൃത്വം കുടിയിരുത്തിയത്. ലീഗ് അവകാശപ്പെടുന്നത് പോലെ തീരുമാനങ്ങൾ പലതും ശിഹാബ് തങ്ങൾക്ക് വിട്ടിരുന്നുവെങ്കിൽ മുസ്‌ലിം ലീഗിൽനിന്ന് ഇതിലും നല്ല നിലപാടുകൾ ഒരുപക്ഷേ കേരളീയ സമൂഹത്തിന് ലഭിക്കുമായിരുന്നു.

**ടി. ജാഫർ വേളം, കുറ്റ്യാടി**

# ഇസ്‌ലാം നിലനിൽപും പ്രതിനിധാനവും

**മഴവിൽ** ലോകത്തെ ഇസ്‌ലാമിന്റെ പ്രതിനിധാനത്തെ കുറിച്ച ചർച്ചകൾ പ്രായോഗികവും ക്രിയാത്മകവുമായ ഒരു ബദലിന്റെ സമർപ്പണം എന്നതിലുപരി സൈദ്ധാന്തികവും ചരിത്രപരവുമായ വെറും വാക്കുകളായി പരിമിതപ്പെടുന്നു. സൈദ്ധാന്തികതക്ക് താളുകളിൽ സുഖശയനം നടത്താം. പക്ഷേ, പ്രായോഗികതക്ക് അകത്തട്ടിൽ പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിടേണ്ടിവരും. മനുഷ്യബന്ധിതമായ ഒരു ദർശനത്തിനും അപ്രതിരോധ്യമായ കവചങ്ങളുമായി പോരിനിറങ്ങാൻ സാധിക്കില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഇസ്‌ലാമിക നവോത്ഥാനശ്രമങ്ങൾ ശരിയായ ദിശയിലല്ലായിരുന്നുവെന്നതിന്റെ സൂചനകളും ക്ഷമാപണങ്ങളുമാണ് ചർച്ചകളിലുടനീളം പ്രകടമാകുന്നത്. ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുന്നേറ്റം എത്രത്തോളം ഉണ്ടെന്നു ചർച്ച ചെയ്യേണ്ടതുണ്ട്.

സ്വാതന്ത്ര്യാനന്തരം സമുദായ പക്ഷത്തുനിന്നുള്ള രാഷ്ട്രീയ പ്രതിനിധാനങ്ങളെ പ്രായോഗികതയുടെ ഇളവുകൾ സ്വീകരിക്കാൻ പോലും സമ്മതിക്കാതെ സൈദ്ധാന്തിക മുഷ്ടിക്കുള്ളിൽ ചുരുട്ടിക്കൂട്ടാൻ ശ്രമം നടന്നു. നിലനിൽപ് ഭദ്രമാകാതെ ആകാശത്തിലോട്ടുയരാൻ ശ്രമിച്ചതിന്റെ ഫലം മുട്ടുകുത്തി വീഴൽ തന്നെയാണ്. ഇത്രകാലം നടത്തിയ അശ്രാന്ത പരിശ്രമങ്ങൾ ഒരു കപട മതേതരമുഖം മാത്രം സമ്മാനിച്ചതിന്റെ കാരണവും ഇതുതന്നെ. മതനിരപേക്ഷമായ ഒരു സാംസ്കാരിക അസ്തിത്വമായി സ്വയം വികസിക്കാൻ ഇതഃപര്യന്തമുള്ള പ്രതിനിധാനങ്ങൾക്കൊന്നും സാധിച്ചിട്ടില്ല. അതേസമയം സാമുദായികമെന്ന് നിരന്തരം മുദ്രകുത്തപ്പെട്ടവർക്ക് സാമുദായിക-വർഗീയ ചാപ്പ കുത്തലുകളിൽനിന്ന് ഒരു പരിധിവരെ മോചനം നേടാൻ സാധിച്ചിട്ടുണ്ട്താനും.

ദേശീയതയെയും പാശ്ചാത്യ ജനാധിപത്യ ക്രമത്തെയും കടന്നാക്രമിച്ച വേളകളിൽ ആൾക്കൂട്ട മനഃശാസ്ത്രത്തിന്റെ ഗതിവിഗതികളെ തിരിച്ചറിയാൻ കഴിയാതെ പോയി. സ്വാതന്ത്ര്യം സമ്മാനിച്ച ദേശീയ ബോധം ഒരു മതവികാരത്തിനും തല്ലിക്കെടുത്താൻ സാധിക്കുന്നതിനപ്പുറമായിരുന്നു. സമുദായാംഗങ്ങളായ രാഷ്ട്രീയ നേതൃത്വം ദേശീയ മുസ്‌ലിംകളായി അറിയപ്പെട്ടതും അതിന്റെ ഫലമാണ്.

ദൈവിക ആധിപത്യത്തെക്കുറിച്ചും മനുഷ്യന്റെ പ്രാതിനിധ്യത്തെക്കുറിച്ചും പൈശാചിക വ്യവസ്ഥകളെക്കുറിച്ചുമുള്ള വാചാലതകൾ കൂടുതൽ തിരസ്കൃതരാക്കാനേ ഉപകരിച്ചുള്ളൂ.

ജാഹിലിയ്യത്തിന്റെ ആധിപത്യക്രമത്തോടും ധാർമിക സദാചാര വ്യവസ്ഥിതികളോടും വംശീയ-വർഗീയ ബോധത്തോടും വിട്ടുവീഴ്ചയില്ലാത്ത സമരം നയിച്ചാണ് ഇസ്‌ലാം അതിന്റെ പ്രതിനിധാനം നിർവഹിച്ചത്. എന്നാൽ ഉടൻ വിപ്ലവത്തിന്റെ ആക്രോശങ്ങളോ ദൈവിക ആധിപത്യത്തെക്കുറിച്ച വാഗ്ദാനങ്ങളോ ആയിരുന്നില്ല ഇസ്‌ലാമിക സമൂഹത്തിന്റെ ആദ്യകാല അജണ്ട, സ്വത്വനിർമിതിക്കും അതിന്റെ നിലനിൽപിനും ഭദ്രതക്കും അനുപേക്ഷ്യമായിരുന്ന വിട്ടുവീഴ്ചകളുടെയും കീഴടങ്ങലുകളുടെയും കാലമായിരുന്നു അത്. ഈ മുൻഗണനാക്രമത്തിലെ പാളിച്ചകൾ തീവ്രവാദം, ഭീകരവാദം തുടങ്ങിയ മഹാമാരികളുടെ മാതൃത്വം അടിച്ചേൽപ്പിക്കപ്പെടുന്നതിലേക്ക് നയിച്ചു.

മറുവശത്ത് ആധുനിക മേതതരത്വത്തെ പുൽകാനുള്ള അടങ്ങാത്ത ത്വര പാരമ്പര്യത്തെയും പൈതൃകത്തെയും സാമുദായികതയെയും വിസ്മരിക്കുന്നതിലേക്ക് നമ്മെ നയിച്ചു. നമ്മുടെ വേദികളിൽ മാപ്പിള കലകൾ അന്യവൽക്കരിക്കപ്പെടുന്നതിന്റെ കാരണം ഈ വ്യഗ്രത തന്നെയല്ലേ?

അഗ്രഹാരങ്ങളെ കുറിച്ചും കഥകളിയെ കുറിച്ചും വാചാലമാകുന്ന സവർണന്റെ മിനിമം സാമുദായിക ബോധം പോലും ഈ അഭിനിവേശത്തിനിടക്ക് ചോർന്നുപോയി. സംഭവിച്ചതോ, ഇന്നലത്തെ മഴക്ക് പൊട്ടിമുളച്ച കൂണുകൾ പോലെ പാരമ്പര്യമോ പൈതൃകമോ അവകാശപ്പെടാനില്ലാത്ത വെറും പൊങ്ങുകളായി നാം വിലയിരുത്തപ്പെട്ടു.

സാമ്രാജ്യത്വത്തോടും മുതലാളിത്തത്തോടുമുള്ള വിരോധം ആദർശത്തിന്റെ അനിവാര്യമായ തേട്ടമാണെന്നിരിക്കെ തന്നെ സമുദായത്തിന്റെ ഉത്തമ താൽപര്യ സംരക്ഷണം എന്ന മഹാദൗത്യം വിസ്മരിച്ച് പോവരുത്.

ബഹുസ്വരത, ലയനമോ സമരസപ്പെടലോ അതിനുവേണ്ടിയുള്ള സമവായമോ അല്ല; സഹകരണ പ്രക്രിയയാണ്. അതിലപ്പുറം ഒരു ആദാന പ്രദാന പ്രക്രിയയും. മഴവില്ലിലെ ഓരോ നിറവും സ്വന്തം ശോഭയെ നിലനിർത്താനും പരിപോഷിപ്പിക്കാനും ശ്രമിച്ചില്ലായിരുന്നുവെങ്കിൽ മഴവില്ലുണ്ടാകുമായിരുന്നില്ല.

**ഷെബീൻ പെരിമ്പലം**

# നേരിന്റെ മൂർച്ചയുള്ള കഥ

**തിരുവനന്തപുരം** മാർ ഇവാനിയോസ് കോളേജ് വിദ്യാർഥി മുഹമ്മദ് റാഷിദ് എഴുതിയ ചെറുകഥ 'ശബ്ദസ്വപ്നം' (ലക്കം 11) ഗംഭീരമായി.

ഇന്ത്യയിലെ സർക്കാർ പോലീസ് സംവിധാനങ്ങളും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ചേർന്ന് രൂപപ്പെടുത്തിയ വിഭ്രമകരമായ സാമൂഹികാന്തരീക്ഷത്തിൽ ജീവിക്കുന്ന നിരവധി മുസ്‌ലിം ചെറുപ്പക്കാരുടെ മനോനിലയുടെ പരിഛേദമാണ് കഥ.

"എന്തിനാണുമ്മാ എനിക്ക് മുസ്‌ലിം പേരിട്ടത്?" "ആ ഉമ്മാനെപ്പോലെ ന്റുമ്മായും പറയ്യോ എന്റെ മയ്യത്ത് പോലും കാണണ്ടാന്ന്?" ഈ രണ്ട് ചോദ്യങ്ങൾ വായനക്കാരന്റെ ഹൃദയത്തിൽ തുളച്ചുകയറാൻ പോന്നവയാണ്. വാരികക്കും കഥാകൃത്തിനും അഭിനന്ദനങ്ങൾ.

**വി.എം ജാബിർ അഹ്മദ് എറവക്കാട്**

# 'അറിവിന്റെ മഹത്വം' ഹദീസിന്റെ ആധികാരികത

**ഹദീസ്** ഉദ്ധരിക്കുമ്പോൾ റിപ്പോർട്ടറുടെ പേര് ചേർക്കുക സാമാന്യ മര്യാദയാണ്. *പ്രബോധന*ത്തിൽ പലരും പലപ്പോഴും ചൂണ്ടിക്കാണിക്കുകയും വാരിക പിന്തുടരുകയും ചെയ്യുന്നത് ഈ രീതിതന്നെയാണ്. വാള്യം 66 ലക്കം 11ൽ ജഅ്ഫർ എളമ്പിലാക്കോട് 'അറിവിന്റെ മഹത്വം' എന്ന തലക്കെട്ടിൽ കൊടുത്ത ഹദീസിന് റിപ്പോർട്ടറില്ല! പണ്ഡിതന്റെ മഷിയും രക്തസാക്ഷിയുടെ രക്തവും തൂക്കിനോക്കുന്ന വ്യത്യസ്ത രൂപത്തിലുള്ള ഹദീസുകളുണ്ട്. അവ വ്യാജമാണെന്നാണ് മനസിലാവുന്നത് (*അദ്ദഈഫ* പേ. 4838). ഹദീസ്, ഹസൻ(റ)ന്റെ അഭിപ്രായമാണെന്നാണ് മനസ്സിലാവുന്നത് (*ഇഹ്‌യാ ഉലൂമിദ്ദീൻ* പേജ് 14).

ഈ 'വ്യാജ' ഹദീസ് വ്യാഖ്യാനിച്ചു കൊണ്ട് 'കേവല വിശ്വാസിയേക്കാൾ ജ്ഞാനിക്ക് എഴുന്നൂറ് പദവികളു'ണ്ടെന്ന ഹദീസാവട്ടെ ദുർബലവുമാണ്. (*ദഈഫുൽ ജാമിഅ്* പേജ് 3972).

**ഒ.ടി മുഹ്‌യിദ്ദീൻ വെളിയങ്കോട്**